2024
AUGUST
09
FRIDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

www.societytodaynews.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## ഹോക്കിയിൽ ഇന്ത്യക്ക് വെങ്കലം

**പാരിസ്:** ഒളിംപിക്സ് ഹോക്കിയിൽ ഇന്ത്യ വെങ്കല മെഡൽ സ്വന്തമാക്കി. സെമി ഫൈനലിൽ പരാജയപ്പെട്ട ഇന്ത്യയും സ്പെയിനുമാണ് മൂന്നാം സ്ഥാനത്തിനായുള്ള മത്സരത്തിൽ ഏറ്റുമുട്ടിയത്. ഇതിൽ ഒന്നിനെതിരേ രണ്ടു ഗോളിന് ഇന്ത്യ ജയം നേടുകയായിരുന്നു.ടോകേ്യായിൽ നടന്ന കഴിഞ്ഞ തവണത്തെ ഒളിംപിക്സിലും ഇന്ത്യൻ ഹോക്കി ടീം വെങ്കലം നേടിയിരുന്നു. ഇത്തവണത്തെ ഒളിംപിക്സോടെ അന്താരാഷ്ട്ര ടൂർണമെൻറുകളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച മലയാളി ഗോളി പി.ആർ. ശ്രീജേഷിനും പാരീസിലേത് അഭിമാനകരമായ വിടവാങ്ങലായി.

സെമിഫൈനലിൽ ജർമനിയോടു പരാജയപ്പെട്ടതോടെയാണ് ഇന്ത്യക്ക് ടോകേ്യായയിലേതിനെക്കാൾ മികച്ച പ്രകടനം നടത്താമെന്ന പ്രതീക്ഷ അസ്തമിച്ചത്. എന്നാൽ, അന്നത്തെ പരാജയത്തിൻറെ പേരിൽ ഏറെ പഴി കേട്ട ഇന്ത്യൻ ക്യാപ്റ്റൻ ഹർമൻപ്രീത് സിങ് തന്നെ വെങ്കല പോരാട്ടത്തിൽ ടീമിൻറെ വീരനായകനുമായി.

## സർക്കാർ ഖജനാവിലേക്ക് റിലയൻസിൻെറ വിഹിതം 1,86 ലക്ഷം കോടി രൂപ

**മുംബൈ:** തുടർച്ചയായി ആറാം വർഷവും ദേശീയ ഖജനാവിലേക്കുള്ള റിലയൻസ് ഇൻഡസ്ട്രീസിൻറെ വിഹിതം ഒരു ലക്ഷം കോടി രൂപയ്ക്കു മുകളിലെത്തി.202324ൽ സർക്കാർ ഖജനാവിലേക്കുള്ള റിലയൻസിൻറെ വിഹിതം 1.86 ട്രില്യൺ രൂപയായി ഉയർന്നുവെന്ന് കമ്പനി പുറത്തിറക്കിയ വാർഷിക റിപ്പോർട്ടിൽ പറയുന്നു.രാഷ്ട്ര നിർമാണത്തിനായി ഇത്രയും വലിയ സംഭാവന നൽകാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്ന് റിലയൻസ് ഇൻഡസ്ട്രീസ് വ്യക്തമാക്കി. ദേശീയ ഖജനാവിലേക്ക് ഏറ്റവും വലിയ സംഭാവന നൽകുന്ന കമ്പനികളിൽ രാജ്യത്ത് മുൻനിരയിലുണ്ട് മുകേഷ് അംബാനി നയിക്കുന്ന ബിസിനസ് ഗ്രൂപ്പ്. ദേശീയ ഖജനാവിലേക്കുള്ള റിലയൻസിൻറെ വിഹിതം 2023 സാമ്പത്തിക വർഷത്തിൽ 177,173 കോടി രൂപയിൽ നിന്നാണ് 2024 സാമ്പത്തിക വർഷത്തിൽ 186,440 കോടി രൂപയായി ഉയർന്നിരിക്കുന്നത്.

# പാരിസിൽ നീരജിന് വെള്ളി

**പാരിസ്:** ഒളിംപിക്സിൽ ഇന്ത്യയ്ക്ക് അഞ്ചാം മെഡൽ. പുരുഷ ജാവലിൻ ത്രോയിൽ നീരജ് ചോപ്ര വെള്ളി മെഡൽ നേടി. രണ്ടാം റൗണ്ടിൽ 89.45 മീറ്റർ എറിഞ്ഞാണ് നീരജ് രണ്ടാം സ്ഥാനത്തേക്കു കുതിച്ചത്. ഇന്ത്യൻ താരത്തിന്റെ സീസണിലെ മികച്ച പ്രകടനമാണിത്. പക്ഷേ 90 മീറ്ററെന്ന സ്വപ്ന ദൂരത്തിലെത്താൻ ഇന്ത്യൻ താരത്തിനു സാധിച്ചില്ല. രണ്ടാം ശ്രമത്തിൽ 92.97 മീറ്റർ എറിഞ്ഞ പാക്കിസ്ഥാൻ താരം അർഷദ് നദീമിനാണ് ജാവലിൻ ത്രോയിൽ സ്വർണം. ഒളിംപിക് റെക്കോർഡ് ദൂരം പിന്നിട്ടാണ് അർഷദ് രണ്ടാം അവസരത്തിൽ സ്വർണത്തിലെത്തിയത്.



നീരജ് ചോപ്രയുടെ മറ്റു ശ്രമങ്ങളെല്ലാം ഫൗളായിരുന്നു. ആദ്യ ശ്രമം ഫൗളായ പാക്ക് താരം അർഷദ് നദീം രണ്ടാം അവസരത്തിലാണ് ഞെട്ടിക്കുന്ന പ്രകടനം നടത്തിയത്. 92.97 മീറ്റർ എറിഞ്ഞ് പാക്ക് താരം ഒളിംപിക് റെക്കോർഡിട്ടു. മൂന്നാം ചാൻസിൽ അർഷദ് നദീം 88.72 മീറ്റർ പിന്നിട്ടു. ആദ്യ മൂന്നു റൗണ്ടുകൾക്കു ശേഷം എട്ട് താരങ്ങൾ അവസാന റൗണ്ടുകളിൽ കടന്നു.

രണ്ട് വ്യക്തിഗത മെഡൽ നേടുന്ന നാലാമത്തെ ഇന്ത്യൻ താരമാണ് നീരജ്. പി.വി.സിന്ധു (ബാഡ്മിന്റൻ), സുശീൽ കുമാർ (റെസ്‌ലിങ്), മനു ഭാക്കർ (ഷൂട്ടിങ്) എന്നിവരാണ് മുൻപ് ഈ നേട്ടം കൈവരിച്ചവർ

# പലിശയിൽ ആശ്വാസമില്ല; റിപ്പോ നിരക്ക് മാറ്റമില്ലാതെ തുടരും

**കൊച്ചി:** നാണയപ്പെരുപ്പം പൂർണമായും നിയന്ത്രണവിധേയമല്ലാത്തതിനാൽ മുഖ്യ പലിശ നിരക്ക് തുടർച്ചയായ ഒൻപതാം തവണയും റിസർവ് ബാങ്ക് 6.5 ശതമാനമായി നിലനിറുത്തി. വിപണി പ്രതീക്ഷിച്ച തീരുമാനമാണിത്. ആഗോള മേഖലയിലെ പ്രതികൂല സാഹചര്യങ്ങൾ മറികടക്കാൻ ഇന്ത്യ പൂർണ സജ്ജമാണെന്ന് ധന നയം പ്രഖ്യാപിച്ച റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത് ദാസ് പറഞ്ഞു. വിദേശ വിപണികളിലെ അനിശ്ചിതത്വങ്ങൾക്കിടെയിലും ഇന്ത്യ മികച്ച വളർച്ച നേടാൻ കഴിയുന്നതിനാൽ തിരക്കിട്ട് പലിശ നിരക്കിൽ കുറവ് വരുത്തേണ്ടെന്ന് തീരുമാനിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



ഇതോടൊപ്പം നടപ്പു സാമ്പത്തിക വർഷത്തെ വളർച്ച ലക്ഷ്യം 7.2 ശതമാനമായും നിലനിറുത്തി. അവലോകന സമിതിയിൽ നാല് പേർ നിരക്ക് നിലനിറുത്താനും രണ്ട് പേർ പലിശ കുറയ്ക്കണമെന്നും നിലപാടെടുത്തു. നാണയപ്പെരുപ്പം നാല് ശതമാനത്തിന് താഴെയെത്തിക്കാനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. ഭക്ഷ്യ ഉത്പന്നങ്ങളുടെ രൂക്ഷമായ വിലക്കയറ്റമാണ് പ്രധാന വെല്ലുവിളി. ആഗോള വിപണി മാന്ദ്യത്തിലാണെന്ന് പറയാറായിട്ടില്ലയെന്ന് ശക്തികാന്ത് ദാസ് പറഞ്ഞു. വിവിധ ഡാറ്റകൾ റിസർവ് ബാങ്ക് പരിശോധിക്കുകയാണ്. ആഗോള മേഖലയിലെ ഏതൊരു പ്രതികൂല സാഹചര്യങ്ങളും നേരിടാൻ ഇന്ത്യ പര്യാപ്തമാണ്. വിദേശ നാണയ ശേഖരം ആഗസ്റ്റ് രണ്ടിന് അവസാനിച്ച വാരത്തിൽ റെക്കാഡ് ഉയരത്തിലാണ്.

സെപ്തംബർഡിസംബർ കാലയളവിൽ നാണയപ്പെരുപ്പം കുറയുമെന്നാണ് റിസർവ് ബാങ്ക് വിലയിരുത്തുന്നത്. അതേസമയം ബാങ്കുകളുടെ നിക്ഷേപ സമാഹരണത്തിൽ ദൃശ്യമാകുന്ന തളർച്ച വലിയ വെല്ലുവിളിയാണ്. എന്നാൽ ഭവന വായ്പകളുടെ ടോപ്പ് അപ്പ് ഉൾപ്പെടെ അസാധാരണമായി കൂടുകയാണെന്നും റിസർവ് ബാങ്ക് പറയുന്നു. യു.പി.ഐ ഉപയോഗിച്ച് നികുതി അടയ്ക്കുന്നതിനുള്ള പരിധി ഒരു ലക്ഷത്തിൽ നിന്ന് അഞ്ച് ലക്ഷം രൂപയായി ഉയർത്താനും ചെക്കുകളുടെ ക്ളിയറിംഗ് സമയം രണ്ട് ദിവസത്തിൽ നിന്ന് മണിക്കൂറുകളായി കുറയ്ക്കാനും നടപടികളെടുക്കും

## യുപിഐ ഉപയോഗിച്ച് ഇനി 5 ലക്ഷം രൂപവരെ നികുതി അടയ്ക്കാം

**ന്യൂദൽഹി:** അടിസ്ഥാന പലിശനിരക്കുകളിൽ മാറ്റം വരുത്തിയില്ലെങ്കിലും ജനപ്രിയ ഡിജിറ്റൽ പണമിടപാട് സൗകര്യമായ യൂണിഫൈഡ് പേയ്മെന്റ്സ് ഇന്റർഫേസിൽ (യുപിഐ) ശ്രദ്ധേയ മാറ്റങ്ങൾ കൊണ്ടുവന്ന് റിസർവ് ബാങ്ക്. യുപിഐ ഉപയോഗിച്ച് ഇനി 5 ലക്ഷം രൂപവരെ നികുതി അടയ്ക്കാം. നിലവിൽ പരിധി ഒരു ലക്ഷം രൂപയായിരുന്നു. സാധാരണ യുപിഐ ഇടപാടുകളുടെ പരിധിയിൽ മാറ്റമില്ല. അത് ഒരുലക്ഷം രൂപയായി തുടരും. ഓഹരി/കടപ്പത്ര നിക്ഷേപം, ഇൻഷുറൻസ് അടയ്ക്കൽ, വിദേശത്തേക്ക് പണമയയ്ക്കൽ തുടങ്ങിയവയുടെ യുപിഐ പരിധി രണ്ടുലക്ഷം രൂപയായും പ്രാരംഭ ഓഹരി വിൽപനയിലെ (ഐപിഒ) നിക്ഷേപം, റിസർവ് ബാങ്കിന്റെ റീറ്റെയ്ൽ ഡയറക്റ്റ് സ്കീം എന്നിവയിൽ യുപിഐ ഉപയോഗിച്ച് നടത്താവുന്ന ഇടപാടിന്റെ പരിധി 5 ലക്ഷം രൂപയായും തുടരും.

യുപിഐയിൽ നിലവിൽ ഉപയോക്താവിന് സ്വന്തം അക്കൗണ്ടിൽ നിന്നുള്ള പണമാണ് ഇടപാടുകൾക്ക് ഉപയോഗിക്കാനാവുക. ഇനി മുതൽ മറ്റൊരാളുടെ അക്കൗണ്ടും അദ്ദേഹത്തിന്റെ അനുവാദത്തോടെ പ്രയോജനപ്പെടുത്താം. ഇതിനായി യുപിഐയിൽ ഡെലിഗേറ്റഡ് പേയ്മെന്റ്സ് സൗകര്യം കൊണ്ടുവരുമെന്നു റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു.

മുഖ്യ ഉപയോക്താവിന് (പ്രൈമറി യൂസർ), മറ്റൊരു വ്യക്തിക്ക് (സെക്കൻഡറി യൂസർ) തന്റെ ബാങ്ക് അക്കൗണ്ടിലെ പണം കൈകാര്യം ചെയ്യാൻ അനുവദിക്കാവുന്ന സൗകര്യമാണിത്.

സെക്കൻഡറി യൂസർക്ക് സ്വന്തം ബാങ്ക് അക്കൗണ്ട് ആവശ്യമില്ലെന്നതാണു മറ്റൊരു പ്രത്യേകത. യുപിഐ/ഡിജിറ്റൽ ഇടപാടുകൾ കൂടുതൽ വ്യാപകമാക്കാൻ ഇത് സഹായിക്കുമെന്ന് റിസർവ് ബാങ്ക് കരുതുന്നു.

നിലവിൽ ചെക്ക് ട്രാൻസാക്ഷൻ സിസ്റ്റത്തിൽ (സിടിഎസ്) ഓരോ ബാച്ചുകളായി രണ്ട് പ്രവൃത്തിദിനം വരെ എടുത്താണ് ബാങ്കുകൾ ചെക്കുകൾ പാസാക്കുന്നത്. ചെക്ക് ക്ലിയറിങ് സമയം കുറയ്ക്കുമെന്നും സിടിഎസിൽ ഓൺറിയലൈസേഷൻ സെറ്റിൽമെന്റ് അവതരിപ്പിക്കുന്നതിലൂടെ മണിക്കൂറുകൾക്കകം ചെക്ക് പാസാകാനുള്ള സംവിധാനം കൊണ്ടുവരുമെന്നും റിസർവ് ബാങ്ക് വ്യക്തമാക്കി. ഇതു ജനങ്ങൾക്കും ബിസിനസുകാർക്കും അതിവേഗം പണലഭ്യത ഉറപ്പാക്കാൻ സഹായിക്കും.



Integrated MBA MCA (5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation

KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY

# മുല്ലപ്പെരിയാറിൽ പുതിയ ഡാമിനുവേണ്ടത് 1400 കോടി രൂപ; പ്രോജക്ട് റിപ്പോർട്ടിന്റെ കരട് തയാർ

**തിരുവനന്തപുരം:** മുല്ലപ്പെരിയാറിൽ പുതിയ ഡാം നി!ർമിക്കാൻ കുറഞ്ഞത് 1400 കോടി രൂപ വേണ്ടി വരുമെന്ന് ജലസേചന വകുപ്പ്. ഇപ്പോഴുള്ള അണക്കെട്ടിൽ നിന്ന് 366 മീറ്റർ താഴെയാണ് പുതിയ ഡാമിനായി കേരളം സ്ഥലം കണ്ടെത്തിയിരിക്കുന്നത്. പദ്ധതിയുടെ വിശദ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡിപിആർ) കരട് തയാറായി.

അന്തിമറിപ്പോർട്ട് ഈ മാസം അവസാനം സർക്കാരിനു കൈമാറും. രണ്ടാം തവണയാണ് സംസ്ഥാന സർക്കാർ ഡിപിആർ തയാറാക്കുന്നത്. 2011ലെ ആദ്യ റിപ്പോർട്ടിൽ ചെലവ് 600 കോടിയാണു കണക്കാക്കിയത്.തമിഴ്നാട് അനുമതി നൽകിയാൽ അഞ്ചുമുതൽ എട്ടു വരെ കൊല്ലം കൊണ്ട് പുതിയ ഡാം നിർമിക്കാമെന്നാണ് പ്രതീക്ഷ. പക്ഷേ പുതിയ അണക്കെട്ടിനെ ശക്തമായി എതിർക്കുന്ന നിലപാടാണ് തുടക്കം മുതൽ തമിഴ്നാടിന്റേത്.

# കൈത്തറി മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കും: മന്ത്രി

**തിരുവനന്തപുരം:** പ്രതിസന്ധി നേരിടുന്ന കൈത്തറി മേഖലയെ പറ്റി പഠിക്കാൻ സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശകൾ ചർച്ച ചെയ്ത് അവയിൽ സാധ്യമായവ വൈകാതെ നടപ്പിലാക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്. പള്ളിച്ചലിൽ കൈത്തറി ദിനാഘോഷത്തിന്റെ ഉദ്ഘാടനവും മികച്ച കൈത്തറി സംഘങ്ങൾക്കുള്ള അവാർഡ് വിതരണവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കൈത്തറി മേഖലയ്ക്കായി നിയമിച്ച കമ്മീഷന്റെ റിപ്പോർട്ട് ഈ മാസം അവസാനത്തോടെ ലഭിക്കും. ഇത് പരിശോധിച്ച് നടപ്പിലാക്കാൻ കഴിയുന്നവ പ്രഖ്യാപിക്കും. കൈത്തറി സംഘങ്ങൾക്ക് നൂൽ ലഭ്യമാക്കുന്നതിനായി രണ്ടു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 200 സംഘങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. 70 കോടി മുതൽ മുടക്കിൽ ഒരു കോട്ടൺ ബാങ്ക് രൂപീകരിക്കാനും സർക്കാർ അനുമതി ആയിട്ടുണ്ട്. ഹാൻടെക്സിലെയും ഹാൻവീവിലെയും ഭരണ ചെലവുകൾ കുറയ്ക്കാനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്. കൈത്തറി ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഉൽപ്പന്നത്തിന്റെ നിർമ്മാണ പ്രക്രിയ മുഴുവൻ വ്യക്തമാക്കുന്ന വിവരങ്ങൾ അതിന്റെ പാക്കറ്റിൽ ക്യു ആർ കോഡ് ആയി നൽകാമെന്നും മന്ത്രി പറഞ്ഞു.

പള്ളിച്ചൽ സൗപർണിക ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ സി കെ ഹരീന്ദ്രൻ എം എൽ എ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഡി സുരേഷ് കുമാർ, വിവിധ തദ്ദേശഭരണ പ്രതിനിധികൾ, കൈത്തറി തൊഴിലാളി സംഘടന നേതാക്കൾ, ജില്ലാ വ്യവസായ കേന്ദ്രം ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.

# ഐ.എ.ജി.ഐ.എസ് ആരംഭിച്ചു

**കൊച്ചി:** ഇന്ത്യൻ സ്വർണ്ണ വ്യവസായം വേൾഡ് ഗോൾഡ് കൗൺസിലിന്റെ പിന്തുണയോടെ ഇന്ത്യൻ അസോസിയേഷൻ ഫോർ ഗോൾഡ് എക്സലൻസ് ആൻഡ് സ്റ്റാൻഡേർഡ്സ്( ഐ.എ.ജി.ഐ.എസ് )ആരംഭിച്ചു.സുതാര്യവും സുസ്ഥിരവുമായ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ഇന്ത്യൻ സ്വർണ്ണ വ്യവസായം സൃഷ്ടിച്ച ഓഡിറ്റ് ചട്ടക്കൂട് അവതരിപ്പിക്കുന്നതിലൂടെയും ഉപഭോക്തൃ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും ഇന്ത്യൻ സ്വർണ്ണ വ്യവസായത്തിൽ വിശ്വാസം വർദ്ധിപ്പിക്കാനുമാണ് ഐ.എ.ജി.ഐ.എസ് ലക്ഷ്യമിടുന്നതെന്ന് വേൾഡ് ഗോൾഡ് കൗൺസിൽ ഇന്ത്യൻ റീജ്യണൽ സിഇഒ സച്ചിൻ ജെയിൻ പറഞ്ഞു.സ്വർണ്ണ ദാതാക്കൾക്ക് മികച്ച സമ്പ്രദായങ്ങളും അവ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ രേഖയും നൽകും.ഇന്ത്യൻ ബുള്ള്യൻ ആൻഡ് ജ്യൂവല്ലേഴ്സ് അസ്സോസ്സിയേഷൻ (ഐബിജെഎ), ഓള് ഇന്ത്യ ജെംസ് ആൻഡ് ജ്യൂവല്ലറി കൗൺസിൽ ഓഫ് ഇന്ത്യ (ജി.ജെ.സി.), ജെം ആൻഡ് ജ്യൂവല്ലറി എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ (ജി.ജെ.ഇ.പി.സി.) എന്നിവ ഉൾപ്പെടെയുള്ള ദേശീയ ഇൻഡസ്ട്രി അസ്സോസിയേഷനുകളാൽ രൂപീകരിക്കപ്പെടുന്ന ഐ.എ.ജി.ഐ.എസിന് വേൾഡ് ഗോൾഡ് കൗൺസിലിന്റെ പിന്തുണയുണ്ടായിരിക്കുമെന്നും സച്ചിൻ ജെയിൻ പറഞ്ഞു.

# വനമിത്ര അവാർഡ്

**കൽപ്പറ്റ:** ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾക്ക് വനം വന്യജീവി വകുപ്പ് നൽകുന്ന വനമിത്ര അവാർഡിന് അപേക്ഷിക്കാം. കാവുകൾ, ഔഷധ സസ്യങ്ങൾ, കാർഷികം, ജൈവവൈവിധ്യം എന്നിവ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്ക് ഒരോ ജില്ലയിൽ നിന്നും ഒരു അവാർഡ് നൽകും. താത്പര്യമുള്ള വ്യക്തികൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ ഓഗസ്റ്റ് 31 നകം കൽപ്പറ്റയിലുള്ള സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ അപേക്ഷ നൽകണം. ഫോൺ 04936 202623



# ഇടുക്കിയിലെ മലനിരകളിൽ മേട്ടുക്കുറിഞ്ഞി വസന്തം

**പീരുമേട്:** പരുന്തുംപാറ, കുട്ടിക്കാനം ആഷ്‌ലി മലനിരകളിൽ മേട്ടുക്കുറിഞ്ഞി പൂത്തു. നീലക്കുറിഞ്ഞിയുടെ വകഭേദത്തിൽ (ഉപവിഭാഗത്തിൽ) വരുന്ന മേട്ടുക്കുറിഞ്ഞി (ശാസ്ത്രീയ നാമം: സ്ട്രോബൈലാന്തസ് വൈറ്റിയാനസ്) 7 വർഷം കൂടുമ്പോഴാണ് പൂക്കുന്നത്. നീലക്കുറിഞ്ഞിയെപ്പോലെ ഇളം വയലറ്റ്, നീല നിറങ്ങളിലുള്ളതാണ് പൂവ്. കട്ടപ്പന കല്യാണത്തണ്ട്, വാഗമൺ മൊട്ടക്കുന്ന് എന്നിവിടങ്ങളിലും മേട്ടുക്കുറുഞ്ഞി നീലിമയാർന്ന കാഴ്ച സമ്മാനിക്കുന്നുണ്ട്.

നിരനിരയായി കൂട്ടത്തോടെ പൂത്തുനിൽക്കുന്ന കുറിഞ്ഞിപ്പൂക്കൾ കാണാനും ഇവയുടെ ചിത്രങ്ങൾ പകർത്താനും സഞ്ചാരികൾ ഉൾപ്പെടെ എത്തുന്നുണ്ട്. മഴയില്ലാത്ത കാലാവസ്ഥയിൽ മൂന്നു മാസം വരെ കുറിഞ്ഞിപ്പൂക്കൾ നിലനിൽക്കും.

കട്ടപ്പനയിലെ കല്ല്യാണത്തണ്ടിലേക്ക് എത്താൻ തൊടുപുഴ, കട്ടപ്പന റൂട്ടിൽ വാഴവരയ്ക്കു സമീപത്ത് നിന്ന് വലത്തേക്ക് സഞ്ചരിച്ചാൽ കല്ല്യാണത്തണ്ടിലേക്ക് എത്താം.വാഗമണ്ണിലെ വിവിധ മൊട്ടക്കുന്നുകളിൽ മേട്ടുക്കുറിഞ്ഞി പൂത്തിട്ടുണ്ട്. കുട്ടിക്കാനത്ത് നിന്ന് ഏലപ്പാറയിലേക്കുള്ള മലയോര ഹൈവേ വഴി ഒരു കിലോമീറ്റർ സഞ്ചരിച്ചാൽ ആഷ്‌ലി കവലയിലും ഇവിടെനിന്നുള്ള സമാന്തര പാതയിലൂടെ ഒരു കിലോമീറ്റർ സഞ്ചരിച്ചാൽ മലനിരകളിലും എത്താം. കുട്ടിക്കാനത്തു നിന്ന് കുമളി റോഡിൽ കല്ലാർ കവലയിൽ എത്തിയശേഷം ഗ്രാമ്പി റോഡിലൂടെ സഞ്ചരിച്ചാൽ പരുന്തുംപാറയിലെ മേട്ടുക്കുറിഞ്ഞിയുടെ കാഴ്ചകൾ കാണാം.

## വാഹന അപകട ഇൻഷുറൻസ് ക്ലെയിം നിരസിച്ചു

# ഇൻഷുറൻസ് കമ്പനി 6.81 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് ഉപഭോക്തൃ തർക്ക പരിഹാര കോടതി



**കൊച്ചി :** അപകടത്തിൽപ്പെട്ട് ടോട്ടൽ ലോസായ കാറിന് സാങ്കേതിക കാര്യങ്ങൾ പറഞ്ഞ് ഇൻഷുറൻസ് തുക നിരസിക്കുന്ന കമ്പനിയുടെ നടപടി സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതി.എറണാകുളം കലൂർ സ്വദേശി കാജാ മൊയ്നുദ്ധീൻ എന്നിവർ സമർപ്പിച്ച പരാതിയിലാണ് നഷ്ടപരിഹാരം അനുവദിച്ചത്.ഫോണ്ട സിവിക് കാറിന്റെ ഉടമസ്ഥനായ പരാതിക്കാരൻ, ആലപ്പുഴയിൽ നിന്ന് എറണാകുളത്തേക്ക് വരുന്ന വഴി വൈറ്റില പാലത്തിന് സമീപം വെച്ച് കാർ അപകടത്തിൽപ്പെട്ടു. ഇൻഷുറൻസ് പരിരക്ഷ ഉള്ള കാലയളവിൽ തന്നെയാണ് ഈ അപകടം സംഭവിച്ചത്. വണ്ടി ടോട്ടൽ ലോസായി. കോവിഡ് കാലത്താണ് ഇത് സംഭവിച്ചത്.

സർവേയർ റിപ്പോർട്ട് പരാതിക്കാരന് അനുകൂലമായിരുന്നു. ഇൻഷുറൻസ് കമ്പനി പലതരത്തിലുള്ള അന്വേഷണങ്ങൾ നടത്തി. പല വിവരങ്ങളും പരാതിക്കാരനോട് ആവശ്യപ്പെട്ടു. കുമ്പളം ട്രോൾ ബൂത്തിന്റെ റെസിപ്റ്റ് ഹാജരാക്കാനാണ് അതിലൊന്ന്. അപകടം ഇൻഷുറൻസ് കമ്പനിയെ അറിയിക്കാൻ 9 ദിവസവും പോലീസ് സ്റ്റേഷനിൽ വിവരം നൽകാൻ ആറു ദിവസവും എടുത്തു എന്നതാണ് മറ്റൊരു കാരണം . യഥാസമയം അപകട വിവരം അറിയിക്കാതിരിക്കുന്നത് സംശയാസ്പദമാണെന്നും അപകടത്തെക്കുറിച്ച് പരസ്പര വിരുദ്ധമായ വിവരങ്ങളാണ് നൽകിയതെന്നും ഉള്ള കാരണങ്ങൾ ചൂണ്ടിക്കാണിച്ചാണ് കമ്പനി ക്ലെയിം നിരസിച്ചത്.

ഈ നടപടിയാണ് പരാതിക്കാരൻ ഉപഭോക്തൃ കോടതിയിൽ ചോദ്യംചെയ്ത്.സുരക്ഷിതത്വബോധവും മനസമാധാനവും ആവശ്യഘട്ടങ്ങളിൽ ലഭിക്കുവാനാണ് ആളുകൾ ഇൻഷുറൻസ് പോളിസി എടുക്കുന്നത്. എന്നാൽ തികച്ചും സാങ്കേതികമായ കാര്യങ്ങൾ പറഞ്ഞ് തുക നിരസിക്കുന്നത് ഉപഭോക്താക്കളെ ഹതാശയരാക്കുന്നു. ഈ ഘട്ടത്തിൽ ഇവരനുഭവിക്കുന്ന മനഃക്ലേശം വാക്കുകൾക്ക് അതീതമാണ്. ഈ അനീതിക്ക് മുന്നിൽ കോടതിക്ക് കാഴ്ചക്കാരാകാൻ കഴിയില്ലെന്ന് ഡി.ബി. ബിനു അധ്യക്ഷനും വി. രാമചന്ദ്രൻ ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബഞ്ച് വ്യക്തമാക്കി.6,26,889/ രൂപ ഇൻഷുറൻസ് തുക ഇനത്തിൽ കമ്പനി പരാതിക്കാരന് നൽകണം. കൂടാതെ, 40,000/ രൂപ നഷ്ടപരിഹാരവും 15,000 രൂപ കോടതി ചെലവ് 45 ദിവസത്തിനകം പരാതിക്കാരന് നൽകണമെന്ന് കോടതി എതിർകക്ഷിക്ക് നിർദേശം നൽകി.പരാതിക്കാരന് വേണ്ടി അഡ്വ. ജോളി ജോൺ ഹാജരായി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ടിവിഎസ് എൻടോർക്ക് ഇനി പുതിയ നിറങ്ങളിൽ

**കൊച്ചി:** ടിവിഎസ് മോട്ടോർ കമ്പനി ടിവിഎസ് എൻടോർക്ക് 125, റെയ്സ് എക്സ്പി സീരീസുകളിൽ പുതിയ നിറങ്ങളുടെ വകഭേദങ്ങൾ അവതരിപ്പിച്ചു. വിവിധങ്ങളായ താൽപര്യമുള്ളവർക്ക് തെരഞ്ഞെടുപ്പിനു സഹായകമായ രീതിയിലാണിതിന്റെ അവതരണമെന്ന് ടിവിഎസ് മോട്ടോർ കമ്പനി സ്കൂട്ടേഴ്സ്, കമ്യൂട്ടർ മോട്ടോർ സൈക്കിൾസ് & കോർപറേറ്റ് ബ്രാൻഡ് വിപണന വിഭാഗം സീനിയർ വൈസ് പ്രസിഡൻറ് അനിരുദ്ധ ഹൽദാർ പറഞ്ഞു. സ്റ്റൈലും പ്രകടനവും കൂടിച്ചേർന്നവയിൽ താൽപര്യമുള്ള യുവ പ്രൊഫഷണലുകളെയാണ് ടിവിഎസ് എൻടോർക്ക് 125 ലക്ഷ്യമിടുന്നത്. ആവേശതൽപരർക്കും മികച്ച പവറും ആഗ്രഹിക്കുന്നവർക്കും വേണ്ടിയാണ് റെയ്സ് എക്സ്പി.

ആധുനികവും ലളിതവുമായ ഉൽപന്ന രൂപകൽപനകളുമായി ഉപഭോക്തൃ താൽപര്യങ്ങളിൽ ശ്രദ്ധേയമായ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ ടർക്കോയ്സ്, ഹാർലെകിൻ ബ്ലൂ, നാർഡോ ഗ്രേ എന്നീ മൂന്ന് ആകർഷക നിറങ്ങൾ തെരഞ്ഞെടുക്കാനുള്ള അവസരമാണ് ടിവിഎസ് എൻടോർക്ക് 125 അവതരിപ്പിക്കുന്നത്. ടിവിഎസ് എൻടോർക് റേസ് എക്സ്പി, മാറ്റ്, ഗ്ലോസി പിയാനോ ബ്ലാക്ക് മുതൽ കറുപ്പിൽ ഒന്നിലധികം ടെക്സ്ചറുകൾ സംയോജിപ്പിച്ച് മാറ്റ് ബ്ലാക്ക് സ്പെഷ്യൽ എഡിഷൻ പുറത്തിറക്കി. റൈഡറുടെ തിളങ്ങുന്ന വ്യക്തിത്വം പ്രകടിപ്പിക്കുന്ന രീതിയിലാണ് ടിവിഎസ് എൻടോർക്കിന്റെ പുതിയ കളർ വകഭേദങ്ങളെന്നും അനിരുദ്ധ ഹൽദാർ പറഞ്ഞു.



മികച്ച 124.8സിസി, 7000 ആർപിഎമ്മിൽ 9.5 പിഎസും 500 ആർപിഎമ്മിൽ 10.6 എൻഎം ടോർക്കും നൽകുന്ന മൂന്നു വാൽവ് എഞ്ചിൻ എന്നിവയും ടിവിഎസ് എൻടോർക്ക് 125ൻറെ മോടി കൂട്ടുന്നു. ബ്ലൂടൂത്ത് കണക്റ്റിവിറ്റി, പൂർണ ഡിജിറ്റൽ ഡിസ്പ്ലേ, ഡ്യൂവൽ റൈഡ് മോഡുകൾ, സിഗ്നേചർ എൽഇഡി ഹെഡ്ലാമ്പ് തുടങ്ങിയ പ്രായോഗിക തലത്തിലെ മെച്ചപ്പെടുത്തലുകളും ഇതിലുണ്ട്. മികച്ച പ്രകടനം, സൗകര്യം, സ്റ്റൈൽ എന്നിവയുമായി മികച്ച റൈഡിങ് അനുഭവങ്ങളാണ് ഈ സ്കൂട്ടർ ലഭ്യമാക്കുന്നത്. സാഹസികതയ്ക്കു സഹായകമായ രീതിയിലാണ് ടിവിഎസ് എൻടോർക്ക് റെയ്സ് എക്സ്പി തയ്യാറാക്കിയിരിക്കുന്നത്. 7000 ആർപിഎമ്മിൽ 10.2 പിഎസും 500 ആർപിഎമ്മിൽ 10.9 എൻഎം ടോർകും നൽകുന്ന ശക്തമായ 124.8സിസി മൂന്നു വാൽവ് എഞ്ചിൻ ഇതിനെ ഈ വിഭാഗത്തിലെ ഏറ്റവും ശക്തമായ സ്കൂട്ടറാക്കി മാറ്റുന്നു. മികച്ച സ്റ്റൈൽ, കൃത്യതയാർന്ന ഗ്രാഫിക്സുകൾ എന്നിവയുമായി റെയ്സ് എക്സ്പി നഗരവീഥികളിൽ വേറിട്ടു നിൽക്കും. ടിവിഎസ് എൻടോർക്ക് 125, ടിവിഎസ് എൻടോർക്ക് റെയ്സ് എക്സ്പി ബ്ലാക്ക് എന്നിവയുടെ പുതിയ വകഭേദങ്ങൾ ടിവിഎസ് മോട്ടോർ കമ്പനിയുടെ ഇന്ത്യയിൽ ഉടനീളമുള്ള അംഗീകൃത ഡീലർഷിപ്പുകളിൽ ലഭ്യമാണ്. ടിവിഎസ് എൻടോർക്ക് 125ന് 95,150 രൂപയും, ടിവിഎസ് എൻടോർക്ക് റെയ്സ് എക്സ്പിക്ക് 101,121 രൂപയുമാണ് കേരളത്തിലെ എക്സ് ഷോറൂം വില.

# സ്വാതന്ത്ര്യദിനാഘോഷം, ഓണം; ഒരു ലിറ്റർ പാലിന് മിൽമ 10 രൂപ അധികം നൽകും

**കൊച്ചി:** സ്വതന്ത്ര്യദിനം, ഓണം തുടങ്ങിയവ പ്രമാണിച്ച് മിൽമ എറണാകുളം മേഖലാ യൂണിയൻ എറണാകുളം, തൃശൂർ, കോട്ടയം, ഇടുക്കി ജില്ലകളിലെ ആയിരത്തിൽപ്പരം വരുന്ന ആനന്ദ് മാതൃക ക്ഷീരസംഘങ്ങളിൽ നിന്നും സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും പത്ത് രൂപ അധിക പ്രോത്സാഹന വിലയായി നൽകുമെന്ന് ചെയർമാൻ എം.ടി.ജയൻ അറിയിച്ചു.

ആഗസ്റ്റ് 11 മുതൽ സെപ്റ്റംബർ 30 വരെയാണ് പ്രോത്സാഹന വില നൽകുന്നത്. ഇതിൽ നിന്നും സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് ലിറ്ററിന് അഞ്ച് രൂപ വീതം ലഭിക്കും. നാല് രൂപ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള സംഘത്തിൻറെ ദൈനംദിന ചിലവുകൾക്ക് ഉപയോഗിക്കാനാണ് മിൽമ നിർദ്ദേശം നൽകിയിട്ടുള്ളത്. ഒരു രൂപ മേഖലാ യൂണിയൻറെ ഓഹരിയായി അംഗസംഘങ്ങൾക്ക് വകയിരുത്തും.ഈയിനത്തിൽ 50 ദിവസം കൊണ്ട് 12 കോടിരൂപ മേഖലായൂണിയൻറെ പരിധിയിൽ വരുന്ന മധ്യകേരളത്തിൽ വിതരണം ചെയ്യും. സംഘങ്ങൾക്കും കർഷകർക്കുമായി സംഭരണമേഖലയിൽ 14 കോടി രൂപയുടെ പി ആൻഡ് ഐ പദ്ധതികൾ ഈ സാമ്പത്തികവർഷത്തിൽ നടപ്പിലാക്കുമെന്നും ചെയർമാൻ പറഞ്ഞു

ക്ഷീരമേഖലയിലെ ആനുകാലിക പ്രശ്നങ്ങളെകുറിച്ച് ചർച്ച ചെയ്യുന്നതിനായി ആനന്ദ് മാതൃക സംഘങ്ങളുടെ സെക്രട്ടറി, പ്രസിഡൻറുമാർ എന്നിവരുടെ ജില്ലാതലയോഗങ്ങൾ വിളിച്ച് ചേർക്കും. ഈ സാമ്പത്തികവർഷത്തെ മേഖലായൂണിയൻറെ വാർഷിക പൊതുയോഗം സെപ്റ്റംബർ 28ാം തീയതി പെരുമ്പാവൂർ ടൗൺ ഹാളിൽ ചേരുമെന്നും ചെയർമാൻ അറിയിച്ചു.

# കാവുകൾക്ക് ധനസഹായം

**കൽപ്പറ്റ:** ജില്ലയിലെ കാവുകളുടെ വനവിസ്തൃതി, ജൈവ വൈവിധ്യം എന്നിവ സംരക്ഷിച്ച് പരിപാലിക്കുന്നതിനുള്ള കർമ്മപദ്ധതിക്ക് ധനസഹായം നൽകുന്നതിന് സംസ്ഥാന വനം വന്യജീവി വകുപ്പ് അപേക്ഷ ക്ഷണിച്ചു. കാവുകളുടെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, കാവു സംരക്ഷണത്തിനുള്ള കർമ്മ പദ്ധതികൾ എന്നിവ അടങ്ങിയ അപേക്ഷ ഓഗസ്റ്റ് 31 നകം കൽപ്പറ്റയിലുള്ള സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ ലഭിക്കണം. അപേക്ഷ ഫോറം www.keralaforest.gov.in ൽ ലഭിക്കും. ഫോൺ 04936 202623

# പുകവലിരഹിതഭവനം പദ്ധതി: അമൃതയിൽ ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** പുകവലിരഹിതഭവനം പദ്ധതിയുടെ ഭാഗമായി അമൃത ആശുപത്രിയിൽ ശിൽപശാല സംഘടിപ്പിച്ചു. കൊച്ചി കോർപ്പറേഷന്റെയും നാഷണൽ ഹെൽത്ത് മിഷന്റെയും (എൻ എച്ച് എം) സഹകരണത്തോടെ അമൃത ആശുപത്രിയിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗമാണ് ശിൽപശാല സംഘടിപ്പിച്ചത്. മേയർ അഡ്വ. എം അനിൽകുമാർ ഉദ്ഘാടനം നിർവഹിച്ചു.

ചേരാനല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.രാജേഷ്, കടമക്കുടി പഞ്ചായത്ത് പ്രസിഡന്റ് മേരി വിൻസെന്റ്, ഡെപ്യൂട്ടി ഡിഎംഒ ഡോ. കെ സവിത, അമൃത ആശുപത്രിയിലെ സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ.പ്രതാപൻ നായർ, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ.എസ്.അശ്വതി, പബ്ലിക് ഹെൽത്ത് വിഭാഗം മേധാവി ഡോ. കെ.ആർ തങ്കപ്പൻ, ഡോ. കെ.എൻ പണിക്കർ, ഡോ.ശോഭ ജോർജ്ജ്, ഡോ.ശ്രീലക്ഷ്മി മോഹൻദാസ്, ഡോ.കെ സുധീഷ് തുടങ്ങിയവർ സംസാരിച്ചു.



വനിതാ സ്വയം സഹായ സംഘങ്ങളുടെ മേൽനോട്ടത്തിലാണ് പുകവലിരഹിതഭവനം പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി കൊച്ചി നഗരപരിധിയിലും ചേരാനല്ലൂർ, കടമക്കുടി പഞ്ചായത്തുകളിലുമായി 7000 ത്തോളം ഓളം വീടുകളിൽ അമൃതയിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ വീടുകളിലെ പുകവലി സംബന്ധിച്ച പഠനം നടത്തിയിരുന്നു. 30 ക്ലസ്റ്ററുകളിൽ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളും സന്നദ്ധ പ്രവർത്തകരും ആശ പ്രവർത്തകരും കൂടി ചേർന്നാണ് ഈ പഠനം വിജയകരമായി നടത്തിയത്. ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായാണ് ഓരോ ക്ളസ്റ്ററുകളിൽ നിന്നുമുള്ള ആശ വർക്കർമാർ, അംഗൻവാടി ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്കായി ഏകദിന ശിൽപശാല സംഘടിപ്പിച്ചത്.



സൊസൈറ്റി ടുഡേ
SOCIETY TODAY

# കേന്ദ്ര നിയമത്തിലെ അപാകത തിരുത്തണം : ഐ.എം.എ കൊച്ചി

**കൊച്ചി :** രാജ്യത്ത് നിലവിൽ വന്ന ഭാരതീയ ന്യായ സംഹിതയിൽ ഭേദഗതികൾ ആവശ്യപ്പെട്ട് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പാർലമെന്റ് അംഗങ്ങൾക്ക് നിവേദനം നൽകി. ബി.എൻ.എസ് പാർലമെന്റിൽ വിശദമായ ചർച്ചകൾ കൂടാതെ നടപ്പാക്കിയതിനാൽ ആരോഗ്യ മേഖലയെ ദോഷകരമായി ബാധിക്കുന്ന വകുപ്പുകൾ കടന്നുകൂടിയെന്ന് സംഘടന ചൂണ്ടിക്കാട്ടി. പല വകുപ്പുകളും തമ്മിൽ പൊരുത്തപ്പെടാത്തവയാണ്. കോവിഡ് കാലത്ത് കേന്ദ്രസർക്കാർ 1897ലെ നിയമം ഭേദഗതി വരുത്തി ആരോഗ്യ പ്രവർത്തകർക്കും ആശുപത്രികൾക്കും ആക്രമണങ്ങളിൽ നിന്നും സംരക്ഷണം നൽകിയിരുന്നു. ആരോഗ്യ പ്രവർത്തകരുടെ സംരക്ഷണത്തിനായി പുതിയ ബില്ല് കൊണ്ടുവരുമെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ പാർലമെന്റിൽ പറയുകയും ബില്ലിന്റെ കരട് പൊതുജനാഭിപ്രായത്തിനായി നൽകുകയും ചെയ്തിരുന്നെങ്കിലും ഭാരതീയ ന്യായ സംഹിതയിൽ അത് ഉൾപ്പെട്ടിട്ടില്ല.ബി.എൻ.എസിന്റെ സെക്ഷൻ 26 പ്രകാരം ഡോക്ടർമാർക്ക് ഭയരഹിതമായി രോഗീചികിത്സ സാധ്യമാണ്. എന്നാൽ ഇതിന്റെ നേർ വിപരീതമാണ് സെക്ഷൻ 106.1. പൂർണ്ണമായും 106.1 പിൻവലിക്കണമെന്നാണ് സംഘടനയുടെ പ്രധാന ആവശ്യം. ഏതെങ്കിലും തരത്തിലുള്ള നിയമ നടപടികൾ ആവശ്യമായി വരുന്ന അവസരത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ സെക്ഷൻ 106.1 പ്രകാരം കേസ് രജിസ്റ്റർ ചെയ്താൽ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർ മുഴുവനും അഴിക്കുള്ളിലാകുന്ന അവസ്ഥ സംജാതമാകും. ഏതുസമയത്തും ദുരുപയോഗം ചെയ്യാൻ സാധിക്കുന്ന വകുപ്പാണിത്. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഇന്ത്യയിലെ ശരാശരി ആയുസ് 27 ആയിരുന്നത് മോഡേൺ മെഡിസിന്റെ ഫലപ്രദമായ ഉപയോഗത്താൽ ഇന്ന് ശരാശരി ഇന്ത്യക്കാരന്റെ ആയുസ് 71 വയസായി ഉയർന്നിട്ടുണ്ട്. ടെറ്റനസ്, കുഷ്ഠം, മലേറിയ, പ്ലേഗ്, വസൂരി, മന്ത്, ക്ഷയം, പോളിയോ തുടങ്ങി കോവിഡിനെ വരെ ഫലപ്രദമായി ചെറുത്ത് തോൽപ്പിച്ചത് മോഡേൺ മെഡിസിന്റെ പ്രവർത്തനത്താലാണെന്ന് സംഘടന പറഞ്ഞു. കോവിഡിനെതിരെ പോരാടിയതിലൂടെ 1598 ഡോക്ടർമാർക്കാണ് സ്വജീവൻ നഷ്ടപ്പെട്ടത്. നാല് ലക്ഷത്തിലധികം അംഗങ്ങളുള്ള ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷന് രാജ്യവ്യാപകമായി 1800 ശാഖകളുണ്ട്. കേരളത്തിൽ എല്ലാ ജില്ലകളിലും ശാഖകളുണ്ടെന്നും ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. എം.എം.ഹനീഷ്, സെക്രട്ടറി ജോർജ് തുകലൻ, ട്രഷറർ ഡോ.സച്ചിൻ സുരേഷ് എന്നിവർ പറഞ്ഞു.



# സൗത്ത് ഇന്ത്യൻ ബാങ്ക് ഡെയിംലർ ഇന്ത്യയുമായി കൈകോർക്കുന്നു

**കൊച്ചി:** ഭാരത്ബെൻസ് ഡീലർമാർക്ക് ഫിനാൻസ് ലഭ്യമാക്കുന്നതിനായി മുൻനിര സ്വകാര്യ ബാങ്കായ സൗത്ത് ഇന്ത്യൻ ബാങ്ക് ഡെയിംലർ ഇന്ത്യ കൊമേഴ്സ്യൽ വെഹിക്കിൾസുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഇതുപ്രകാരം, ഭാരത് ബെൻസിന്റെ മുഴുവൻ വാണിജ്യ വാഹന മോഡലുകൾക്കും ലളിതമായ വ്യവസ്ഥയിലൂടെയും ഡീലർമാരുടെ ആവശ്യമനുസരിച്ചും ഫിനാൻസ് സൗകര്യം ലഭ്യമാകും. വാഹന വിപണന രംഗത്ത് മുൻനിരയിലുള്ള ഡെയിംലർ ഇന്ത്യ കൊമേഴ്സ്യൽ വെഹിക്കിൾസുമായി കൈകോർക്കുന്നതിലൂടെ മിതമായ വായ്പാ ഈട് വ്യവസ്ഥകൾ, മെച്ചപ്പെട്ട പലിശാനിരക്ക്, കാര്യക്ഷമമായ ക്രെഡിറ്റ് പ്രോസസ്സിംഗ് എന്നിവയിലൂടെ ഡീലർഷിപ്പ് പിന്തുണ ശക്തിപ്പെടുത്തുന്നതിനാണ് സൗത്ത് ഇന്ത്യൻ ബാങ്ക് ലക്ഷ്യമിടുന്നതെന്ന സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ ജനറൽ മാനേജരും ഗ്രൂപ്പ് ബിസിനസ് മേധാവിയുമായ എസ്.എസ് ബിജി പറഞ്ഞു. ഈ പങ്കാളിത്തം രണ്ട് ഓർഗനൈസേഷനുകളുടെയും ബിസിനസ് ആവശ്യങ്ങൾ നിറവേറ്റുമെന്നും നല്ല സ്വാധീനം സൃഷ്ടിക്കുമെന്നും എസ്.എസ് ബിജി പറഞ്ഞുരാജ്യത്തുടനീളമുള്ള ഡീലർമാരുടെ ആവിശ്യങ്ങൾക്കനുസൃതമായി ഫിനാൻസ് സൗകര്യം ഏർപ്പെടുത്താൻ സൗത്ത് ഇന്ത്യൻ ബാങ്കുമായി സഹകരിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ടെന്ന് ഡെയിംലർ ഇന്ത്യ കൊമേഴ്സ്യൽ വെഹിക്കിൾസ് പ്രസിഡന്റും ചീഫ് ബിസിനസ് ഓഫീസറുമായ ശ്രീറാം വെങ്കട്ടേശ്വരൻ പറഞ്ഞു.ഭാരത് ബെൻസിന്റെ 10 മുതൽ 55 ടൺ വരെ ഭാരം വരുന്ന ട്രക്കുകൾ, ബസ്സുകൾ, കോച്ചുകൾ തുടങ്ങിയവ നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന കമ്പനിയാണ് ഡെയിംലർ ഇന്ത്യ കൊമേഴ്സ്യൽ വെഹിക്കിൾസ്. ഇന്ത്യയിലുടനീളം 350ലധികം ടച്ച് പോയിന്റുകളുള്ള മികച്ച ഉൽപ്പന്നങ്ങളും സേവനങ്ങളുമാണ് കമ്പനി നൽകി വരുന്നത്. കോർപ്പറേറ്റ് ബിസിനസ് ഗ്രൂപ്പ് സോണൽ ബിസിനസ് ഹെഡ് കാർത്തിക എസ്, ഡെയിംലർ ഇന്ത്യ കൊമേഴ്സ്യൽ വെഹിക്കിൾസ് എവിപി സിവി ഫിനാൻസിങ്ങ് ആന്റ് ഇൻഷുറൻസ് ഷാരൺ റാവു, എവിപി ബിസിനസ് ഫിനാൻസ് സെയിൽസ് ഇന്ത്യ റിഷഭ് ഷാൻഡില്യ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# മുലയൂട്ടൽ വാരാഘോഷം: അമ്മമാരുടെ ഒത്തുചേരൽ നടത്തി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ലോക മുലയൂട്ടൽ വാരാചരണത്തോടനുബന്ധിച്ച് കൊച്ചി ആസ്റ്റർ മെഡ്സിറ്റിയുടെ നേതൃത്വത്തിൽ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ഒത്തുചേരൽ സംഘടിപ്പിച്ചു. നടിയും എഴുത്തുകാരിയുമായ അശ്വതി ശ്രീകാന്ത് മുഖ്യാതിഥിയായി.മുലയൂട്ടൽ അതിമനോഹരമായ യാത്രയാണെന്ന് അശ്വതി ശ്രീകാന്ത് പറഞ്ഞു. 'അമ്മയും കുഞ്ഞും തമ്മിൽ മുലയൂട്ടൽ സൃഷ്ടിക്കുന്ന അചഞ്ചലമായ ബന്ധമുണ്ട്. ഇരുവരും തമ്മിൽ അടുപ്പവും സുരക്ഷിതത്വവും സ്നേഹവും വളർത്തിയെടുക്കുന്ന അതുല്യ ബന്ധമാണത്'. അതേസമയം, ഏതെങ്കിലും പ്രത്യേക കാരണത്താൽ മുലയൂട്ടാൻ കഴിയാത്ത അമ്മമാരെ പിന്തുണയ്ക്കേണ്ടതും അനിവാര്യമാണ് അത്തരം അമ്മമാർക്ക് ഒരു കാരണവശാലും കുറ്റബോധം തോന്നേണ്ടതില്ലെന്നും അവർ പറഞ്ഞു. കുഞ്ഞുങ്ങൾക്ക് മുലയൂട്ടുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായാണ് എല്ലാ വർഷവും ഓഗസ്റ്റ് ഒന്ന് മുതൽ ഏഴ് വരെ ആഗോള തലത്തിൽ വാരാചരണം സംഘടിപ്പിക്കുന്നത്. അമ്പതിലധികം അമ്മമാരും കുഞ്ഞുങ്ങളുമായിരുന്നു ആസ്റ്റർ മെഡ്സിറ്റിയിൽ നടന്ന പരിപാടിയിൽ പങ്കെടുത്തത്. മുലയൂട്ടലിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. അമ്മമാർക്ക് മുലയൂട്ടലുമായി ബന്ധപ്പെട്ട ആശങ്കകൾക്കും സംശയങ്ങൾക്കും പരിഹാരം കൂടിയായിരുന്നു വാരാചരണം.ആസ്റ്റർ മെഡ്സിറ്റിയിലെ നിയോനാറ്റോളജി വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ. ജോസ് പോൾ, ഡോ. ജോർജ്ജ് ജോസ്, കൺസൾട്ടന്റ്, ഡോ. എസ്. രാജശ്രീ , ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി സീനിയർ കൺസൾട്ടന്റ് ഡോ. സറീന എ ഖാലിദ്, പീഡിയാട്രിക്സ് സീനിയർ കൺസൾട്ടന്റ് ഡോ. ജീസൺ സി ഉണ്ണി, തുടങ്ങിയവർ നേതൃത്വം നൽകി.

# പുതിയ ഹാൻഡ്‌ലൂം സാരികളുമായി കനകവല്ലി



**കൊച്ചി:** കനകവല്ലി കൊച്ചി ഷോറൂം ഓണത്തിന് മുന്നോടിയായി ഫാഷൻ ഡിസൈനർ പ്രദീപ് പിള്ളയുടെ പുതിയ ഹാൻഡ്‌ലൂം സാരികളുടെ കളക്ഷൻസ് പുറത്തിറക്കി. കാഞ്ചീവരം സാരികളുടെ മുൻനിര ബ്രാൻഡാണ് കനകവല്ലി. ഓഗസ്റ്റ് എട്ടിന് എറണാകുളം കച്ചേരിപ്പടി സെന്റ്.വിൻസന്റ് റോഡിലെ കനകവല്ലി ഷോറൂമിൽ വെച്ച് പ്രദീപ് പിള്ള തന്നെയാണ് പുതിയ കളക്ഷൻസ് അവതരിപ്പിച്ചത്. കൊച്ചിയിലെ സാരിപ്രേമികൾക്കായി പ്രദീപ് പിള്ളയുടെ തനത് ശൈലിക്ക് പുറമെ ക്രീം, ഗോൾഡ് നിറങ്ങളിലുള്ള സാരികളും ഓണത്തോട് അനുബന്ധിച്ച് ഒരുക്കിയിട്ടുള്ള കളക്ഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കനകവല്ലി സ്ഥാപക അഹല്യ എസ് പറഞ്ഞു. പരമ്പരാഗത കൈത്തറി സാരികൾ ഏറെ ഇഷ്ടപ്പെടുന്ന മലയാളി സ്ത്രീകൾക്കുള്ള കനകവല്ലിയുടെ ഓണസമ്മാനമാണ് പുതിയ കളക്ഷനെന്നും അവർ വ്യക്തമാക്കി. നളന്ദ ടസ്സർ സിൽക്സ്,വെങ്കടഗിരി കോട്ടൺ സാരി, ചന്ദേരി സിൽക്ക് കോട്ടൺ, ലിനൻ എന്നിവയും പ്രദീപ് പിള്ളയുടെ കളക്ഷനിൽ ഉൾപ്പെട്ടിട്ടുണ്ട്. അദ്ദേഹം വികസിപ്പിച്ചെടുത്ത പാരമ്പര്യ ശൈലിയിലുള്ള വെങ്കടഗിരി ബോർഡറുകൾ ചേർന്ന പുതിയ ഡിസൈനും ഇവിടെ ലഭ്യമാണ്. ചെന്നൈ ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ച കനകവല്ലിക്ക് കൊച്ചി കൂടാതെ, സൗത്ത് ചെന്നൈയിലെ അടയാർ, കോയമ്പത്തൂർ, ഹൈദരാബാദ്, ബ്ലാംഗ്ലൂർ, മധുര എന്നിവടങ്ങളിലും കാഞ്ചീവരം സാരി ഷോറൂമുണ്ട്. കാഞ്ചീവരം സാരിക്ക് പുറമെ, ലൈറ്റ് വെയ്റ്റ് കോട്ടൺ സാരികളും, വിവിധതരത്തിലുള്ള ബ്ലൗസ് മെറ്റീരിയലുകളും പുരുഷന്മാർക്കുള്ള വിവാഹ വസ്ത്ര ശ്രേണിയായ അംഗവസ്ത്രവും ഇവിടെ ലഭ്യമാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

## സെൻറ് തെരേസാസ് കോളേജ് ശതാബ്ദി: 10 ന് പൂർവ്വ വിദ്യാർത്ഥി സംഗമം

**കൊച്ചി:** സെന്റ് തെരേസാസ് കോളേജ് നൂറാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി, ഓഗസ്റ്റ് 10ന് കോളജിലെ പൂർവ്വ വിദ്യാർഥി സംഗമം നടത്തും.രാവിലെ 9:30 മുതൽ 4:30 വരെ കോളേജ് പ്ലാറ്റിനം ജൂബിലി ഓഡിറ്റോറിയത്തിലാണ് സംഗമം നടക്കുന്നത്. 'ആസ്ഥാ ഹോം കമിങ് ' എന്ന ഈ പരിപാടിയിൽ ആയിരത്തിൽ പരം പൂർവ്വവിദ്യാർഥിനികൾ നേരിട്ടും 25,000ൽപ്പരം വിദ്യാർത്ഥിനികൾ ഓൺലൈൻ ആയും പങ്കെടുക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന് സംഘാടകർ അറിയിച്ചു.വിവിധ ബാച്ചുകളുടെ കലാപരിപാടികൾ, ക്ലാസിക് പോപ്പ് ഗാനങ്ങൾ, ശതാബ്ദി ഗാനങ്ങൾ, ഫാഷൻ ടീം പ്രകടങ്ങൾ, പൂർവ്വ കലോത്സവജേതാക്കളും കലാതിലകങ്ങളും ചേർന്ന് നടത്തുന്ന ഭരതനാട്യം എന്നീ പരിപാടികൾ ഈ സംഗമത്തിൽ അവതരിപ്പിക്കപ്പെടും. കോളേജിന്റെ ഉന്നമനത്തിനായി സുപ്രധാന പങ്ക് വഹിച്ച ആറു വിശിഷ്ട പൂർവ്വ വിദ്യാർത്ഥിനികളെയും വിരമിച്ച അധ്യാപകരെയും ജീവനക്കാരെയും ആദരിക്കും.കൂടാതെ വയനാട്ടിലെ ദുരന്തബാധിതർക്ക് സഹായം നൽകാനും തീരുമാനിച്ചിട്ടുണ്ടെന്നും സംഘാടകർ അറിയിച്ചു.

## വയനാട് ദുരന്തം: കാർഡിയാക്ക് ഫോറം രണ്ടു ലക്ഷം രൂപ നൽകി

**കൊച്ചി:** വയനാട് ദുരന്ത ബാധിതർക്ക് കൈത്താങ്ങായി കൊച്ചിൻ കാർഡിയാക് ഫോറം.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൊച്ചിൻ കാർഡിയാക് ഫോറം രണ്ടു ലക്ഷം രൂപയുടെ ചെക്ക് മന്ത്രി പി രാജീവിന് കൈമാറി.

ഡോ. സന്ദീപ് ആർ.,ഡോ.ഹിമൽരാജ്, ഡോ.ജോ ജോസഫ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു ചെക്ക് കൈമാറിയത്

## എച്ച്എംഡി ക്രെസ്റ്റ് 5ജി, മാക്സ് 5 ജി വിൽപ്പന ആമസോണിൽ ആരംഭിച്ചു

**കൊച്ചി:** എച്ച്എംഡിയുടെ ഏറ്റവും ആദ്യത്തെ സ്മാർട്ട് ഫോണുകളായ എച്ച്എംഡി ക്രെസ്റ്റ് 5ജി, എച്ച്എംഡി ക്രെസ്റ്റ് മാക്സ് 5ജി എന്നിവയുടെ വിൽപന ആരംഭിച്ചു. തൽക്ഷണം ഷെയർ ചെയ്യാനാവുന്ന വിധത്തിലെ പ്രകടനവുമായി ആകർഷകമായ 50 എംപി സെൽഫി ക്യാമറ, ഹാൻഡ്സ് ഫ്രീ സെൽഫി, ടോൺ കൺട്രോൾ, ബ്യൂട്ടിഫൈ തുടങ്ങിയ നിരവധി സവിശേഷതകളാണ് ഇവയ്ക്കുള്ളതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.സെൽഫ് പോർട്ട്റൈറ്റുകൾക്കുതകും വിധം എഐ സൂപർ പോർട്ട്റൈറ്റ്, സ്ലോമോഷൻ, ചലിക്കുന്ന വസ്തുക്കളെ പകർത്താനുതകുന്ന ഫ്ളാഷ് ഷോട്ട്, ട്രൈപോഡ് മോഡ് തുടങ്ങിയവും മറ്റ് ആകർഷണങ്ങളാണ്. ആൻഡ്രോയ്ഡ് 14 ആണ് ഇരു ഫോണുകളിലുമുള്ളത്.

എച്ച്എംഡി ക്രെസ്റ്റ് 5 ജി (6ജിബി), എച്ച്എംഡി ക്രെസ്റ്റ് മാക്സ് 5ജി (8ജിബി) എന്നിവയുടെ വില 14,999 രൂപയും 16,999 രൂപയും വീതമാണ്. ഇവ ആമസോൺ സ്പെഷൽസിലെ ഗ്രേറ്റ് ഫ്രീഡം സെയിലിൽ 12,999 രൂപയ്ക്കും 14,999 രൂപയ്ക്കും ലഭ്യമാകും. എച്ച്എംഡി ഡോട്ട് കോമിലും ഇവ ലഭ്യമാകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

## ഇന്ത്യ സീട്രേഡ് ലോജിസ്റ്റിക് ഉച്ചകോടിക്ക് ഇന്ന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** ഇന്ത്യ സീട്രേഡ് സംഘടിപ്പിക്കുന്ന കോസ്റ്റൽ മൾട്ടിമോഡൽ ലോജിസ്റ്റിക് ഉച്ചകോടിക്ക് ഇന്ന് കൊച്ചിയിൽ തുടക്കം. ഇന്ത്യയുടെ തീരദേശ മൾട്ടിമോഡൽ ലോജിസ്റ്റിക്സ് മേഖല വികസിപ്പിക്കുന്നതിലെ അവസരങ്ങളും വെല്ലുവിളികളും ചർച്ച ചെയ്യുന്ന ഉച്ചകോടിയിൽ ചർച്ച ചെയ്യും.ഉച്ചകഴിഞ്ഞ് 2.30ന് മറൈൻ ഡ്രൈവ് താജ് വിവാന്റയിൽ നടക്കുന്ന

ഉച്ചകോടിയിൽ തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം അഡീഷണൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ, ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് ശ്യാം ജഗന്നാഥൻ, ഗുജറാത്ത് മാരിടൈം ബോർഡ വൈസ് ചെയർമാനും സി.ഇ.ഒയുമായ രാജ് കുമാർ ബെനിവാൾ, പാരാദീപ് തുറമുഖ അതോറിറ്റി ഡെപ്യൂട്ടി ചെയർമാൻ നിലബര ദാസ്ഗുപ്ത, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർഡോ ദിവ്യ എസ് അയ്യർ, കൊച്ചിൻ പോർട്ട് അതോറിറ്റി ചെയർമാൻ ബി. കാശിവിശ്വനാഥൻ, കൊച്ചി കസ്റ്റംസ് കമ്മീഷണർ ഗൂർകരൻ സിംഗ് ബെയിൻസ്, കേരള മാരിടൈം ബോർഡ് ചെയർമാൻ എൻ.എസ്. പിള്ള, കണ്ടെയ്നർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ കമൽ ജെയിൻ, സുഭാഷ് കുമാർ ദാസ്, എക്സിക്യൂട്ടീവ് ഡയറക്ടർ (ലോജിസ്റ്റിക്സ് & ഇൻഫ്രാസ്ട്രക്ചർ), സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് തുടങ്ങി ഈ മേഖലയിലെ നിരവധി പ്രമുഖർ ഉച്ചകോടിയിൽ പങ്കെടുക്കും.

ഇന്ത്യ സീട്രേഡ് സംഘടിപ്പിക്കുന്ന കോസ്റ്റൽ മൾട്ടിമോഡൽ ലോജിസ്റ്റിക് ഉച്ചകോടിയുടെ പത്താം പതിപ്പ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ പ്രായോഗികവും ബദൽ ഗതാഗത മാർഗ്ഗവും ചർച്ച ചെയ്യും.

# ടാറ്റ കർവ് അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ് ഔദ്യോഗികമായി ടാറ്റ കർവ് അവതരിപ്പിച്ചു. 'ഷെയ്പ്പ്ഡ് ടു സ്റ്റൺ', 'ഷെയ്പ്പ്ഡ് ഫോർ ഗ്രാൻഡ്യർ', 'ഷെയ്പ്പ്ഡ് ഫോർ പെർഫോമൻസ്', 'ഷെയ്പ്പ്ഡ് ഫോർ ഇന്നവേറ്റീവ് ടെക്നോളജി', 'ഷെയ്പ്പ്ഡ് ഫോർ അബ്സല്യൂട്ട് സേഫ്റ്റി, എന്നീ പ്രധാന അഞ്ച് ആശയങ്ങൾ അടിസ്ഥാനമാക്കി നിർമിച്ച ഈ കർവ് മിഡ്സൈസ് എസ്.യു.വി സെഗ്മെന്റിലേക്കുള്ള കമ്പനിയുടെ പ്രവേശനമാണെന്ന് ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിള്, ടാറ്റ പാസഞ്ചര് ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡ് എന്നിവയുടെ മാനേജിംഗ് ഡയറക്ടര് ശൈലേഷ് ചന്ദ്ര പറഞ്ഞു. കുപ്പെ ചാരുതയും എസ്.യു.വി കരുത്തും അതുല്യമായി സമ്മേളിച്ച ഒരു ഉൽപ്പന്ന മിശ്രിതമായാണ് ടാറ്റ മോട്ടോർസിന്റെ എസ്.യുവി ശ്രേണിയിലേക്കുള്ള ഈ പുതിയ കൂട്ടിച്ചേർക്കൽ. ബോക്സിഎസ്.യു.വി ബോഡി സ്റ്റൈലുകൾ ആധിപത്യം പുലർത്തുന്ന വിപണിയുടെ പാരമ്പര്യം തകർത്തുകൊണ്ട് ഇന്ത്യയിലെ ആദ്യ എസ്.യു.വി കൂപ്പെയായ കർവിന്റെ ഈ നൂതന ബോഡി സ്റ്റൈൽ ഇന്ത്യയിലേക്ക് കൊണ്ടുവരുന്ന ആദ്യത്തെ ഒ.ഇ.എം എന്നതിൽ ടാറ്റാ മോട്ടോർസ് അഭിമാനിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഉടൻതന്നെ അതിന്റെ ഐ.സി.ഇ അവതാറും അവതരിപ്പിക്കും.




ഇന്ത്യയുടെ ഇലക്ട്രിക് വാഹന യാത്രയിലെ അടുത്ത കുതിപ്പിനെ പ്രതിനിധീകരിക്കുന്നതാണ് കർവ് ഇവി. ക്രിയേറ്റീവ്, അക്കംപ്ലിഷ്ഡ്, അക്കംപ്ലിഷ്ഡ്+എസ്, എംപവേർഡ്+, എംപവേർഡ്+എ എന്നിങ്ങനെ വിവിധ വേരിയന്റുകളില് ലഭ്യമായ കർവ് ഇവി കംഫർട്ട്, വിശാലമായ ഇന്റീരിയര് ഫീച്ചറുകൾ, സുരക്ഷ, സാങ്കേതികവിദ്യ എന്നിവ സംയോജിച്ചതാണ്. ഇതിന് പുറമേ മിഡ് എസ്.യു.വി ഐ.സി.ഇ സെഗ്മന്റിലെ എതിരാളികളെക്കാൾ ദൈർഘ്യമേറിയ റെയ്ഞ്ച്, ഫാസ്റ്റ് ചാർജ്ജിങ്ങ്, വിലയിലെ കുറവ് എന്നിവയിലും മികച്ചു നിൽക്കുന്നു.

55 കെഡബ്ല്യുഎച്ച് ബാറ്ററി പാക്കില് ഒറ്റ ചാർജ്ജിങ്ങില് 585 കിലോമീറ്റർ റെയ്ഞ്ചും 45 കെഡബ്ല്യുഎച്ച് ബാറ്ററി പാക്കില് 502 കിലോമീറ്റർ റെയ്ഞ്ചുമുള്ള കർവ് ഇവി പ്രാരംഭവില 17.49 ലക്ഷം രൂപയ്ക്ക് കർവ് ഇവി 45 ഉം 19.25 ലക്ഷം രൂപയ്ക്ക് കർവ് ഇവി 55 ഉം ലഭ്യമാണ്.

## മുതിർന്ന പൗരന്മാർക്കുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകണം

**കൊച്ചി:** ജില്ലയിൽ മുതിർന്ന പൗരന്മാർക്കായി വിവിധ വകുപ്പുകൾ മുഖേന നൽകുന്ന സേവനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കണമെന്നും ഇക്കാര്യത്തിൽ ജില്ലാതല വയോജന കമ്മിറ്റിയുടെ പ്രത്യേക നിരീക്ഷണം ഉണ്ടാകുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മുത്തേടൻ പറഞ്ഞു. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാതല വയോജന കമ്മിറ്റിയുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.വസ്തുവകകൾ മക്കൾ എഴുതി വാങ്ങിച്ച ശേഷം മാതാപിതാക്കളെ സംരക്ഷിക്കാതെ വരുന്നതായും ഇതുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ മെയിന്റനൻസ് ട്രൈബ്യൂണലിൽ ഉള്ളതായും കമ്മിറ്റി നിരീക്ഷിച്ചു. ആയത് പരിഹരിക്കുന്നതിന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കാനും വസ്തുവകകൾ ആധാരം ചെയ്തു നൽകുന്ന സമയത്ത് മുതിർന്ന പൗരന്റെ സംരക്ഷണം ആധാരത്തിൽ ഉറപ്പുവരുത്തുന്നതിന് രജിസ്ട്രേഷൻ വകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകുവാനും തീരുമാനിച്ചു. കൂടാതെ മുതിർന്ന പൗരന്മാരുടെ സ്വത്തിനും ജീവനും സംരക്ഷണം ഉറപ്പുവരുത്തുന്നതിൽ പോലീസ് ഉദ്ധ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്തണമെന്നും പോലീസ് ഉദ്യോഗസ്ഥർക്ക് വയോജന സംരക്ഷണനിയമത്തെക്കുറിച്ച് പരിശീലനം നൽകുവാനും ജില്ലാതല വയോജന കമ്മിറ്റി തീരുമാനിച്ചു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വയോജന ജാഗ്രത സമിതി രൂപീകരിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ജില്ലയിൽ ആയത് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന് കമ്മിറ്റി നിരീക്ഷിച്ചു. നിലവിൽ വയോജന ജാഗ്രത സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ ജില്ലാ സാമൂഹ്യ സാമൂഹ്യനീതി ഓഫീസറോട് യോഗം നിർദ്ദേശിച്ചു.ജാഗ്രതാ സമിതി കാര്യക്ഷമമായി പ്രവർത്തിക്കുകയാണെങ്കിൽ വയോജനങ്ങളുടെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഭിപ്രായപ്പെട്ടു. യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ആരോഗ്യം, ഹോമിയോ, ആയുർവേദം, പോലീസ്, തൊഴിൽ എന്നീ വകുപ്പുകളുടെ പ്രതിനിധികളും ജില്ലാ സാമൂഹ്യനീതി ഓഫീസർ ബിനോയ് വി ജെ, സൂപ്രണ്ട് സ്മിത, ജില്ലാ വയോജന കമ്മിറ്റി അനൗദ്യോഗിക അംഗങ്ങൾ സാമൂഹ്യ സുരക്ഷ മിഷൻ കോർഡിനേറ്റർ ദിവ്യ ആർ, മെയിന്റനൻസ് ട്രൈബ്യൂണൽ ടെക്നിക്കൽ അസിസ്റ്റന്റ്മാർ എന്നിവർ പങ്കെടുത്തു.

## വയനാട് ജനതയ്ക്ക് ഐക്യദാർഢ്യവുമായി കോലഞ്ചേരി വൈ.എം.സി.എ

**കോലഞ്ചേരി:** പ്രകൃതി ദുരന്തത്തിനിരയായ വയനാട് ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടും അകാലത്തിൽ ജീവൻ വെടിയേണ്ടി വന്ന സഹോദരങ്ങൾക്ക് ആദരാഞ്ജലി അർപിച്ചും കോലഞ്ചേരി വൈ.എം.സി.എ യിൽ ദീപം തെളിയിച്ച് പ്രാർത്ഥന നടത്തി. വൈ.എം. സി.എ മുൻ സംസ്ഥാന ചെയർമാൻ പ്രൊഫ. ജോയി.സി. ജോർജ് പ്രാർത്ഥനാ ശുശ്രൂഷക്ക് നേതൃത്വം നൽകി. പ്രസിഡന്റ് ഡോ. ശശി എളൂർ അദ്ധ്യക്ഷനായി വൈസ് പ്രസിഡന്റ് പ്രൊഫ. ജോർജ് . കെ. ഐസക്ക്, സെക്രട്ടറി സി. കെ. ബാബു, ഡോ. സാജു.എം. കറുത്തേടം, ജോജി എളൂർ, എം.ടി. ജോയി, ജിബി പോൾ, എന്നിവർ പ്രസംഗിച്ചു. വൈ. എം. സി. എ. ദേശീയ സമതിയുടെ നേതൃത്വത്തിൽ നടക്കുന്ന പുനരധിവാസ പദ്ധതിക്ക് പരിപൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു.



# ഫാസ്റ്റ്ട്രാക്കിന്റെ ഗാംബിറ്റ് വിപണിയിലവതരിപ്പിച്ചു

**കൊച്ചി:** ടൈറ്റൻ കമ്പനിയിൽ നിന്നുള്ള പ്രമുഖ യൂത്ത് ഫാഷൻ ബ്രാൻഡായ ഫാസ്റ്റ്ട്രാക്ക് ആദ്യ മൈക്രോ മോട്ടോർ വാച്ച് ശേഖരമായ ഫാസ്റ്റ്ട്രാക്ക് ഗാംബിറ്റ് വിപണിയിലവതരിപ്പിച്ചു. സർഗാത്മകതയും വേറിട്ട ശൈലിയും ആഗ്രഹിക്കുന്നവർക്കുള്ള ഒരു സ്റ്റേറ്റ്മെൻറ് ആഭരണമായാണ് ഫാസ്റ്റ്ട്രാക്ക് ഗാംബിറ്റ് വിപണിയിലെത്തുന്നതെന്ന് ഫാസ്റ്റ്ട്രാക്ക് മാർക്കറ്റിംഗ് ഹെഡ് ഡാനി ജേക്കബ് പറഞ്ഞു.മൂന്ന് വ്യത്യസ്ത മൈക്രോ മോട്ടോറുകളുള്ള സവിശേഷമായ ഡയൽ രൂപകല്പനയാണ് ഗാംബിറ്റ് വാച്ച് ശേഖരത്തിൻറെ പ്രത്യേകത. സ്പീഡോമീറ്റർ പ്രചോദിത രൂപമാണ് മണിക്കൂർ, മിനിട്ട് സൂചികൾക്ക്.പാരമ്പര്യേതരമായ ഡിസൈനിലാണ് ഫാസ്റ്റ്ട്രാക്ക് ഗാംബിറ്റ് രൂപകല്പന ചെയ്തിരിക്കുന്നത്. മെറ്റൽ, ലെതർ സ്ട്രാപ്പ് ഓപ്ഷനുകളുണ്ട്. സംയോജിച്ച് പ്രവർത്തിക്കുന്ന സ്വതന്ത്ര മോട്ടോറുകൾ തന്ത്രപരമായ ചിന്തയേയും വ്യത്യസ്ത മികവ് പുലർത്താനുള്ള കഴിവിൻറെയും പ്രതീകമാണ്.116 ദശലക്ഷം വരുന്ന പുതു തലമുറ ഉപയോക്താക്കളിലേക്ക് എത്താനുള്ള ഫാസ്റ്റ്ട്രാക്കിൻറെ പുതിയ നീക്കമാണ് ഗാംബിറ്റ് അവതരണമെന്നും ഡാനി ജേക്കബ് പറഞ്ഞു. പുതിയ ജനറേഷന്റെ താൽപ്പര്യങ്ങളേയും ജീവിത രീതിയേയും പ്രതിഫലിപ്പിക്കുന്ന രീതിയിലാണ് ഇതിന്റെ ഡയലും മറ്റും ഡിസൈൻ ചെയ്തിരിക്കുന്നത്. ഗാംബിറ്റ് വാച്ച് ശേഖരത്തിന്റെ അവതരണത്തിലൂടെ യുവ ഉപയോക്താക്കളുടെ ഫാഷൻ ബോധത്തെ പ്രതിഫലിപ്പിക്കുന്നതിനൊപ്പം രൂപകല്പനയുടെയും എഞ്ചിനീയറിംഗ് കൃത്യതയുടേയും സംയോജനത്തിലൂടെ ഹോറോളജിക്കൽ മികവിനോടുള്ള ഫാസ്റ്റ്ട്രാക്കിൻറെ പ്രതിബദ്ധത വ്യക്തമാക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.ഗാംബിറ്റ് വാച്ച് ശേഖരം ഫാസ്റ്റ്ട്രാക്ക് സ്റ്റോറിൽ നിന്നും ഓൺലൈനായി ഉമയ്യേമരസ.ശി നിന്നും ലഭിക്കും. 6795 രൂപ മുതലാണ് വില.




# എറണാകുളം ആർഎംഎസ് ഇകെ ഡിവിഷൻ തപാൽ അദാലത്ത്

**കൊച്ചി:** എറണാകുളം ആർഎംഎസ് ഇകെ' ഡിവിഷന്റെ, 2024 ന്റെ മൂന്നാം പാദത്തിലെ ഡിവിഷണൽ തല തപാൽ അദാലത്ത് സെപ്തംബർ 12 ന് രാവിലെ 10 ന് എറണാകുളം ഡിവിഷണൽ ഓഫിസിൽ നൽകും.

ആർഎംഎസ് ഇകെ' ഡിവിഷനിലെ തപാൽ സേവനങ്ങളുമായി സംബന്ധിക്കുന്ന ഏതു പരാതിയും രേഖാമൂലം സമർപ്പിക്കുകയോ അദാലത്തിൽ ഉന്നയിക്കുകയോ ചെയ്യാവുന്നതാണ്. ഈ സൗകര്യം ഉപയോഗിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ പരാതികൾ / നിർദ്ദേശങ്ങൾ "DAK ADAL-AT" എന്നു രേഖപ്പെടുത്തി rmsdoek.kl@indiapost.gov.in എന്ന ഇമെയിൽ വിലാസത്തിലോ, 'സൂപ്രണ്ട്, ആർഎംഎസ് ഇകെ' ഡിവിഷൻ, കൊച്ചി682011' എന്ന വിലാസത്തിൽ കവറിനു പുറത്ത് "DAK ADA-LAT" എന്നു രേഖപ്പെടുത്തിയോ അയയ്ക്കാവുന്നതാണ്.

പരാതിക്കാരന്റെ മൊബൈൽ നമ്പരും ഇമെയിൽ വിലാസവും കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.പരാതികൾ ഇമെയിൽ / തപാൽ വിലാസത്തിൽ 2024 ആഗസ്റ്റ് 30 നകം ലഭിക്കണം.

# യു. പി. എസ്. സി പരീക്ഷ 11 ന് അധിക സർവ്വീസ് ഒരുക്കി കൊച്ചി മെട്രോ

**കൊച്ചി:** ഓഗസ്റ്റ് 11 ന് യു.പി.എസ്.സി പരീക്ഷ നടക്കുന്നതിനാൽ കൊച്ചി മെട്രോ സർവ്വീസ് സമയം ദീർഘിപ്പിക്കുന്നു. പരീക്ഷയെഴുതുന്നവർക്ക് കൃത്യ സമയത്ത് തന്നെ പരീക്ഷാ സെന്ററിൽ എത്തുന്നതിനായി ഞായറാഴ്ച്ച രാവിലെ 7 മണി മുതൽ കൊച്ചി മെട്രോ സർവ്വീസ് ആലുവ, തൃപ്പൂണിത്തുറ ടെർമിനൽ സ്റ്റേഷനുകളിൽ നിന്ന് ആരംഭിക്കുന്നതാണ്. നിലവിൽ രാവിലെ 7.30ന് നാണ് കൊച്ചി മെട്രോ ഞായറാഴ്ച്ചകളിൽ സർവ്വീസ് ആരംഭിച്ചിരുന്നത്.

# വിത്തെറിഞ്ഞ് വിദ്യാർത്ഥികൾ



**മറ്റക്കുഴി** :കൃഷിക്കായി നിലമൊരുക്കി വിത്തെറി ഞ്ഞ്ഹാഗിയ സോഫിയ പബ്ലിക് സ്കൂളിലെ വിദ്യാർത്ഥികൾ . വിദ്യാലയത്തിലെ ഫൗണ്ടേഷൻ സ്റ്റേജിലെ വിദ്യാർഥികളാണ് പഠന ത്തിനൊപ്പം കൃഷിയുടെയും ഭാഗമായത് .

ദേശീയ വിദ്യാഭ്യാസ നയം അനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ആണ് കെ .ജി മുതൽ രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾ സ്കൂളിന് സമീപപ്രദേശത്തുള്ള സ്ഥലത്ത് കൃഷിക്കായി വിത്തെറിഞ്ഞത്.

കുട്ടികൾ ആദ്യം സ്ഥലം കൃഷിക്ക് അനുയോജ്യമാക്കാനുള്ള ഒരുക്കങ്ങൾ ചെയ്തു. തുടർന്ന് വിവിധ ഇനം പച്ചക്കറി വിത്തുകൾ പാകി. കൃഷിപ്പാട്ടുകൾ പാടിയാണ് കുട്ടികൾ വിത്തെറിഞ്ഞത്. കർഷകരുടെ വേഷമണിഞ്ഞാണ് വിദ്യാർത്ഥികളെത്തിയത് .

ഈ പഠന പ്രവർത്തനത്തിലൂടെ കുട്ടികൾ കൃഷിയെക്കുറിച്ച് മനസ്സിലാക്കുകയും പരിസ്ഥിതി ബോധം ഉള്ളവരായി വളർത്തിയെടുക്കുകയും ചെയ്യുകയാണ് വിദ്യാലയത്തിന്റെ ലക്ഷ്യം.

സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി ലതാ റോയി , ട്രഷറർ ശ്രീ. സിറിൽ എൽദോ മാനേജ്മെന്റ് പ്രതിനിധികൾ അധ്യാപർ എന്നിവർ കുട്ടികളുടെ പഠനപ്രവർത്തനത്തിന് പങ്കാളികളായി

# കുസാറ്റിൽ മെഗാ ജോബ് ഫെയർ

**കൊച്ചി:** എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സഹകരണത്തോടെ ആഗസ്റ്റ് 31 ന് 'നിയുക്തി മെഗാ ജോബ് ഫെയർ' സംഘടിപ്പിക്കുന്നു. നാഷണൽ എംപ്ലോമെന്റ് സർവീസ് വകുപ്പിന്റെ എറണാകുളം, തൃശൂർ, കോട്ടയം, ഇടുക്കി ജില്ലകൾ ഉൾപ്പെട്ട, എറണാകുളം മേഖലയിലെ മെഗാ ജോബ് ഫെയർ കുസാറ്റ് ക്യാമ്പസിൽ നടക്കും. 1845 പ്രായപരിധിയിലുള്ള എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി പി.ജി. ഐ.ടി.ഐ. ഡിപ്ലോമ, ബി.ടെക്ക്, പാരാമെഡിക്കൽ തുടങ്ങിയ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാം. സ്വകാര്യ മേഖലയിൽ നിന്നും ഐ.ടി ടെക്നിക്കൽ, സെയിൽസ്, ഓട്ടോമൊബൈൽസ്, ഹോട്ടൽ മാനേജ്മെന്റ്റ്, അഡ്വെർടൈസിംഗ്. സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ, പ്രമുഖ റീട്ടെയിലേഴ്സ് തുടങ്ങിയ വിഭാഗങ്ങളിലേക്കായി നൂറിൽപരം പ്രമുഖ ഉദ്യോഗദായകർ പങ്കെടുക്കുന്ന തൊഴിൽമേളയിൽ അയ്യായിരത്തിലധികം ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നു. വിവിധ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികൾക്കായി കേരള സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ഒരുക്കുന്ന ഈ ജോബ് ഫെയറിൽ പങ്കെടുക്കാൻ www.jobfest.kerala.gov.in വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം, തൃശൂർ, കോട്ടയം, ഇടുക്കി ജില്ലകളിലുള്ള ഏതെങ്കിലും എപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ 04842422452, 04842422458, 9446025780, 8301040684 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക.

